# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 363 27.09.2016- ൽ മറുപടിക്ക്**

## കൈത്തറി വ്യവസായം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ പരമ്പരാഗത വ്യവസായമായ കൈത്തറിയെ പുനരുജ്ജീവിപ്പിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) കേരളത്തിലെ പരമ്പരാഗത കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് വ്യക്തിഗത നെയ്ത്തുകാർ, പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ, അപ്പക്സ് സംഘമായ ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് വിവിധ പദ്ധതികളിലായി ധനസഹായം നൽകി വരുന്നു. കൈത്തറി നെയ്ത്തുകാർക്ക് വർഷം 300 ദിവസമെങ്കിലും തുടർച്ചയായി ജോലി ലഭ്യമാക്കുന്നതിന് കേരളത്തിലെ സർക്കാർ എയ്ഡഡ് മേഖലയിലെ 1 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) കൈത്തറി തുണികൾക്ക് 2% വാറ്റ് നികുതി ഏർപ്പെടുത്തിയത് പിൻവലിക്കാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ വ്യവസായ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്നിറിയിക്കാമോ; | (ബി) കേരളത്തിൽ കൈത്തറി തുണിക്ക് 2% വാറ്റ് നികുതി നൽകണമെന്ന് നിർദ്ദേശിക്കുമ്പോൾ തന്നെ വർഷം മുഴുവനും 5% ശതമാനം സർക്കാർ റിബേറ്റും പ്രഖ്യാപിച്ചിട്ടുണ്ട്. മാത്രമല്ല വാറ്റ് നികുതി കൈത്തറിക്കല്ല ബാധ്യത, ഉപഭോക്താവിനാണ് ബാധ്യത. ആയതിനാൽ നികുതി പിൻവലിക്കേണ്ട ആവശ്യമില്ല. |
| (സി) കൈത്തറി എന്ന വ്യാജേന വരുന്ന യന്ത്രവത്കൃത ഉല്പന്നങ്ങൾ തടയുന്നതിനും ഇത്തരം വ്യാജൻമാരെ കണ്ടെത്തുന്നതിനും കൈത്തറിത്തൊഴിലാളികളുടെയും മറ്റും ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന വ്യാജ നിർമ്മാതാക്കളെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) കൈത്തറി മേഖലയിൽ ഉൽപാദിപ്പിക്കുന്ന തുണി ഉൽപ്പന്നങ്ങൾക്കൊപ്പം യന്ത്രവൽകൃത ഉൽപ്പന്നങ്ങൾ തടയുന്നതിന് ഉപാധികളില്ല. എന്നാൽ കൈത്തറിയിൽ മാത്രം ഉൽപാദിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ റിസർവ് ചെയ്തിട്ടുള്ള ഉൽപന്നങ്ങൾ പവർലൂം മേഖലയിൽ ഉൽപാദിപ്പിക്കുന്നത് തടയുന്നതിന് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരികയും നിയമലംഘനങ്ങൾ കണ്ടെത്തിയാൽ നടപടി സ്വീകരിക്കുകയും ചെയ്യു |

| | |
|---|---|
| | വരുന്നു. കൈത്തറി മേഖലയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ഹാന്റ്ലൂം മാർക്ക് നൽകി സംരക്ഷിച്ചു വരുന്നുമുണ്ട്. വ്യാജ സംഘങ്ങളെ തടയുന്നതിന് സംഘങ്ങളുടേയും തൊഴിലാളികളുടേയും വിശദ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി കൃത്യമായ പരിശോധന നടത്തി വരുന്നു. കേരള ഹാന്റ്ലൂം എന്ന ബ്രാന്റിംങ്ങും തുടർന്നുള്ള നടപടിയും വ്യാജ നിർമ്മാതാക്കളിൽ നിന്ന് സംരക്ഷണം ലഭ്യമാക്കും. |
| (ഡി) കൈത്തറി എന്ന ലേബലിൽ ഇറങ്ങുന്ന വ്യാജ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഇത് നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയ വാറ്റ് നികുതിയിൽ നിന്നും കൈത്തറിയെ ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; കൈത്തറിയെ സംരക്ഷിക്കാൻ വേണ്ടി നൽകുന്ന ആനുകൂല്യങ്ങൾ വ്യാജ സംഘങ്ങൾ തട്ടിയെടുക്കുന്നതും യഥാർത്ഥ ഉപഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കിട്ടാതെ വരുന്നതുമായ അവസ്ഥ പരിഹരിക്കുവാൻ ഒരു സമഗ്ര സർവ്വെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) വാറ്റ് നികുതി കൊണ്ട് കൈത്തറിക്കല്ല ഉപഭോക്താവിനാണ് ബാധ്യത. അതുകൊണ്ടു തന്നെ നികുതി ഒഴിവാക്കേണ്ടതില്ല. കൈത്തറി മേഖലയിൽ സമഗ്രമായ സർവ്വേ 2009 ൽ നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**